# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 ജൂൺ 29 | ദീപം 56 | നാളം 17 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


## ആമസോൺ വിരിച്ച അമ്മത്തണൽ



തോമസ് കുഴിഞ്ഞാലിൽ

'നമ്മുടെ പൊതുഭവനമായ ഭൂമി, നമുക്കു സഹോദരിയെപ്പോലെയും നമ്മെ പുണരാനായി കരങ്ങൾ നീട്ടുന്ന അമ്മയെപ്പോലെയും നമ്മെ പരിചരിക്കുന്നവളും ഭരിക്കുന്നവളും വർണാഭമായ പുഷ്പങ്ങളും സസ്യങ്ങളുംകൊണ്ടു ഫലം തരുന്നവളുമാണ്' (ഫ്രാൻസിസ് മാർപാപ്പായുടെ 'അങ്ങേക്കു സ്തുതി' എന്ന ചാക്രികലേഖനം, പേജ്-28). വിമാനാപകടത്തിൽപ്പെട്ട് ആമസോൺ കാടുകളിൽ വീഴുകയും ഒടുവിൽ 41-ാം ദിവസം കണ്ടെത്തുകയും ചെയ്ത ഒരു കുടുംബത്തിലെ നാലു കുട്ടികളുടെ അതിജീവനവാർത്ത കേട്ടപ്പോൾ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ 'സൂര്യകീർത്തനം' എന്ന പ്രാർഥനയിലെ മേൽവിവരിച്ച വാക്കുകളാണ് മനസ്സിലേക്ക് ഓടിയെത്തിയത്. തങ്ങളോടൊപ്പം വിമാനത്തിലുണ്ടായിരുന്ന അമ്മ മരണത്തിനു കീഴടങ്ങിയെങ്കിലും ആ കുഞ്ഞുങ്ങൾക്ക് നാല്പതു ദിവസത്തോളം സഹോദരിയും അമ്മയുമായി വർത്തിച്ചത് നമ്മുടെയെല്ലാം പൊതുഭവനമായ ഭൂമിതന്നെയായിരുന്നു.

'അമ്മസോൺ ആ മക്കളെ കാത്തു' എന്നായിരുന്നു ജൂൺ 11-ാം തീയതി ഞായറാഴ്ച പുറത്തിറങ്ങിയ ഒരു പ്രമുഖ ദിനപത്രത്തിന്റെ പ്രധാന തലക്കെട്ട്. ലോകത്തിലെ ഏറ്റവും വലിയ നദിയായി എണ്ണപ്പെടുന്ന ആമസോണിന്റെ ജപുറ, റയോ നീഗ്രോ തുടങ്ങിയ പോഷകനദികളുടെ ഇരുകരകളിലുമായി വ്യാപിച്ചു കിടക്കുന്ന കൊടുംകാടുകളിൽനിന്നാണ് 40 ദിനരാത്രങ്ങളിലെ കഠിനാധ്വാനത്തിനൊടുവിൽ നൂറ്ററുപതോളം വരുന്ന സുരക്ഷാസൈന്യവും തദ്ദേശീയരും ചേർന്ന് നാലു കുഞ്ഞുങ്ങളെ വീണ്ടെടുത്തത്.

ഇക്കഴിഞ്ഞ മേയ് മാസം ഒന്നാം തീയതിയിലെ ഒരു വിമാനാപകടത്തിലാണ് നാലു കുട്ടികളെയും കാണാതാകുന്നത്. പത്തു മാസങ്ങൾക്കുമുമ്പ് അജ്ഞാത കാരണങ്ങളാൽ വീട്ടിൽനിന്ന് അകന്നുകഴിഞ്ഞിരുന്ന പിതാവിന്റെ ആഗ്രഹപ്രകാരം അദ്ദേഹത്തിന്റെ അടുക്കലേക്കുള്ള യാത്രയിലായിരുന്നു അമ്മയും മക്കളും. തെക്കേ അമേരിക്കൻരാജ്യമായ കൊളംബിയയിലെ അരരാക്കുവരയിൽനിന്ന് 350 കിലോമീറ്റർ അകലെയുള്ള സനോസെ ഡെൽ ഗോമിയാറെ പട്ടണം ലക്ഷ്യമാക്കി പറന്നുയർന്ന സെസ്ന 206 എന്ന ചെറുവിമാനം കാക്കെറ്റ പ്രവിശ്യയിലെ ഉൾക്കാടുകളിൽ തകർന്നു വീഴുകയായിരുന്നു.



രണ്ടാഴ്ചത്തെ തിരച്ചിലിനൊടുവിൽ സുരക്ഷാസേനാംഗങ്ങൾ വിമാനാവശിഷ്ടങ്ങൾ കണ്ടെത്തുമ്പോൾ അമ്മ മഗ്ദലീന മക്കൈറ്റെ, പൈലറ്റ് ഫെർനാണ്ടോ മർസിയ മൊറാലിസ്, ഗോത്രവർഗനേതാവ് ഹെർമൻ മെൻഡോസ ഫെർണാണ്ടസ് എന്നിവരുടെ മൃതദേഹങ്ങൾ കിട്ടിയെങ്കിലും അവരോടൊപ്പമുണ്ടായിരുന്ന നാലു കുട്ടികളും അടുത്തെങ്ങും ഇല്ലായിരുന്നു. ''മഗ്ദലീനയുടെ നാലു കുട്ടികളും രക്ഷപ്പെട്ടിരിക്കുന്നു'' എന്ന് കൊളംബിയൻ പ്രസിഡന്റ് ഗുസ്താവോ പെട്രോ നടത്തിയ പ്രഖ്യാപനം ലോകം ആശ്വാസത്തോടെയാണു ശ്രവിച്ചതെങ്കിലും അവരെ കണ്ടെത്തിയിരുന്നില്ല. ഒടുവിൽ 41-ാം ദിവസം ഒന്നും നാലും ഒൻപതും പതിമ്മൂന്നും വയസ്സുള്ള നാലു കുട്ടികളെയും കാടിന്റെ വന്യതയിൽനിന്ന് നാടിന്റെ വെളിച്ചത്തിലേക്കു തിരികെയെത്തിക്കാൻ സുരക്ഷാസേനാംഗങ്ങൾക്കു കഴിഞ്ഞു.

▶8

## ചാറ്റ് ജി പി റ്റി മനുഷ്യബുദ്ധിക്കു ഭീഷണിയോ?



ദിനു ദിലീപ്

നവമാധ്യമങ്ങളിലൂടെ ക്ലിക്കു ചെയ്തു പോകുമ്പോൾ കൂടുതൽ സമയം ഒരു പ്രത്യേക ചിത്രത്തിലോ വീഡിയോയിലോ, വിവരണങ്ങളിലോ കണ്ണുകൾ ഉടക്കിയാൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ.) അത് തിരിച്ചറിയും. ക്ലിക്കു ചെയ്ത വ്യക്തിയുടെ ക്ലിക്ക് എന്തിനായിരുന്നു? എന്തുതരം താത്പര്യമുള്ളയാളാണ് തുടങ്ങി എ.ഐ. ബുദ്ധിശാലിയായ ഒരു ഷെർലോക് ഹോംസായി മാറിയിരിക്കും. ഓൺലൈൻ മീഡിയയിൽ നമുക്ക് ഒരു പരസ്യം വരുന്നതുമുതൽ സോഷ്യൽ മീഡിയയിൽ ചില കമന്റ് പോസ്റ്റുകൾ ഇടുമ്പോൾ വാണിങ്ങും നിരോധനവും വരുന്നതുവരെയുള്ളതിനു പിന്നിൽ മനുഷ്യമസ്തിഷ്കമല്ല; മറിച്ച്, എ.ഐ. ബുദ്ധിയാണ്. ഒരു കമ്പ്യൂട്ടർ വർക്കിങ് ബേസ് എന്നതു ബൈനറി സിസ്റ്റമാണ്. ഇലക്ട്രിക്കൽ സിഗ്നൽ Zero (off ), one (on)ആയി പ്രകടമാകുന്നതിന്റെ പല പാറ്റേണുകളും അവയുടെ നെറ്റ് റിസൾട്ടുകളുമാണ് നമ്മൾ ഔട്ട്



പുട്ടായി കാണുന്നത്. ഒരു എൽ.ഇ.ഡി. സ്ക്രീനിൽ ദൃശ്യമാകുന്നത് നെടുകയും കുറുകയും നിരത്തിയ എൽ.ഇ.ഡിയുടെ വിവിധ ചാർജിലുള്ള ഓൺ, ഓഫ് മാത്രമാണ്. വിവിധ ആവൃത്തികളിൽ ഓണായി നിൽക്കുന്ന എൽ.ഇ.ഡികളാണ് ദൃശ്യങ്ങളായി നമ്മൾ തെറ്റിദ്ധരിക്കുന്നത് എന്നതാണു യാഥാർഥ്യം. ഒരു മരുന്നിന്റെ രാസഘടനയുടെ നിർമാണവും അവയുടെ പ്രവർത്തനവും രോഗി അറിയണമെന്നില്ല. കമ്പ്യൂട്ടർ മെഷീൻ ലാംഗ്വേജ് ബൈനറി കൺവെർഷൻ പ്രോഗ്രാം ചെയ്യുന്നവർപോലും അറിയുന്നില്ല. നിത്യജീവിതത്തിൽ ഉപഭോക്താക്കൾ ഇത്തരം സങ്കീർണത അറിയേണ്ട ആവശ്യമില്ലതന്നെ. പക്ഷേ, വിവിധ സാങ്കേതികവിദ്യകളുടെ കണ്ടെത്തലിന് ഇത്തരം മൈക്രോ അറിവുകളുടെ ഇഴകീറിയ ഗവേഷണബുദ്ധി ആവശ്യമാണ്. ആറ്റം, തന്മാത്ര, കോശം, ന്യൂറോൺ തുടങ്ങിയ സൂക്ഷ്മനിർമാണഘടകങ്ങളുടെ പ്രവർത്തനം അറിഞ്ഞുതന്നെയാണ് എ.ഐ. മുതലുള്ള ടെക്നോളജികളുടെ വികാസം നടക്കുന്നത്.

▶12

# ദീപനാളം

മെഗാ

# സാഹിത്യക്വിസ്

അൽഫോൻസാ കോളജ്, പാലാ

ഓഗസ്റ്റ് 31 വ്യാഴം രാവിലെ 10 മണിക്ക്





**സമ്മാനങ്ങൾ**

1st ₹15000

2nd 10000 | 3rd 5000

4th 3000 | 5th 2000

ദീപനാളം 'പ്രതിഭ'യുടെ ആഭിമുഖ്യത്തിൽ
സംഘടിപ്പിക്കുന്ന
സാഹിത്യക്വിസ് മത്സരത്തിലേക്ക്
**ഹൃദ്യമായ സ്വാഗതം**

**35000**
രൂപയുടെ അവാർഡുകളും
ആകർഷകമായ സമ്മാനങ്ങളും
സർട്ടിഫിക്കറ്റുകളും
വിജയികളെ
കാത്തിരിക്കുന്നു.

## നിബന്ധനകൾ

1. മത്സരാർഥികൾക്കു പ്രായപരിധിയില്ല.
2. ഒരു ടീമിൽ രണ്ടുപേർ ഉണ്ടായിരിക്കും.
3. മത്സരം രണ്ടു ഘട്ടങ്ങളായാണു നടത്തുന്നത്. ആദ്യറൗണ്ടിൽ എഴുത്തുപരീക്ഷ ആയിരിക്കും. അതിൽ മികവു നേടുന്ന അഞ്ചു ടീമുകൾക്കായിരിക്കും രണ്ടാം റൗണ്ടിൽ മത്സരയോഗ്യത.
4. ആദ്യറൗണ്ട് മത്സരങ്ങൾ കഴിഞ്ഞാലുടൻതന്നെ രണ്ടാം റൗണ്ട് മത്സരങ്ങൾ സ്റ്റേജിൽ ആരംഭിക്കുന്നതാണ്. രണ്ടാം റൗണ്ട് മത്സരങ്ങൾ വിഷ്വൽസിനു പ്രാധാന്യം ഉള്ളതായിരിക്കും.
5. ലോകസാഹിത്യത്തിനും മലയാളസാഹിത്യത്തിനും തുല്യപ്രാധാന്യം ഉണ്ടായിരിക്കും.
6. രജിസ്ട്രേഷൻ ഫീസ് ഒരു ടീമിന് 200 രൂപ ആയിരിക്കും.
7. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഗസ്റ്റ് 25 നു മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
   Mob: 7306 874 714 | Email: editordeepanalam@gmail.com
8. ക്വിസ് മാസ്റ്ററുടെ തീരുമാനം അന്തിമമായിരിക്കും.

NAIPUNNYA INTERNATIONAL

STUDY AT EUROPE, CANADA,USA, AUSTRALIA, GERMARY & NEW ZEALAND

FREE U.K. & IRELAND RECRUITMENT FOR NURSES

H.O. : ERNAKULAM.
BR. : PALA | KALOOR | ANGAMALY | THRIKKAKARA

ST. THOMAS PRESS BUILDING
PALA, PIN: 686 575

7012931465 | 04822 201546
pala@naipunnyaint.com

# മാർ തോമാശ്ലീഹാ ചരിത്രവഴികളിൽ

### ജൂലൈ 3
### മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ



ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വർഷം നാം ആചരിക്കുകയാണല്ലോ. തന്റെ ഗുരുവിൽനിന്നു കേട്ടവ പ്രാവർത്തികമാക്കുകയും വിശ്വസിച്ചതിനുവേണ്ടി നിലകൊള്ളുകയും ചെയ്ത ശ്ലീഹാ രക്തസാക്ഷിത്വത്തിലൂടെ ഇന്ത്യയിൽ സഭയ്ക്ക് രൂപം കൊടുത്തു. 'നമുക്കും അവനോടുകൂടി പോയി മരിക്കാം' (യോഹ. 11:16) എന്നുദ്ഘോഷിച്ച തോമാശ്ലീഹാ 'എന്റെ കർത്താവേ എന്റെ ദൈവമേ' - മാർ വാലാഹ് (യോഹ. 20:28) എന്ന വിശ്വാസപ്രഖ്യാപനത്തിലൂടെ 'വഴിയും സത്യവും ജീവനുമായ ഈശോ'യെ (യോഹ 14: 5, 6) നമുക്കു കാണിച്ചുതന്നു. ആ വഴിയാണ്, 'മാർത്തോമാമാർഗമാണ്' ഇന്ന് നമ്മുടെ രക്ഷയുടെ ഉപാധി.

'ജറുസലേമിലും യൂദയായിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളാകണം' (അപ്പ. പ്രവ. 1:8) എന്ന തങ്ങളുടെ ഗുരുവിന്റെ അഭിലാഷം ശിരസ്സാവഹിച്ച ശ്ലീഹന്മാരിൽ തോമായാണ് അന്നത്തെ ലോകത്തിന്റെ അതിർത്തിരാജ്യമായിരുന്ന ഇന്ത്യയിൽ (Herodotus, The Histories, Book III (Thaleia) 106) സുവിശേഷപ്രഘോഷണത്തിനായി എത്തിയത്. ഇന്ത്യയ്ക്കു മെഡിറ്ററേനിയൻ പട്ടണങ്ങളുമായി ഉണ്ടായിരുന്ന കച്ചവടബന്ധവും ഇന്ത്യൻ പട്ടണങ്ങളിലെ മുസ്സിരിസ് വാണിജ്യപാതയും യഹൂദസാന്നിധ്യവും മലബാറിലെ സുഗന്ധവ്യഞ്ജനങ്ങളോടു റോമൻജനതയ്ക്കുണ്ടായിരുന്ന പ്രിയവും തോമായ്ക്ക് ഇന്ത്യയിലെത്താൻ സഹായകമായ ഘടകങ്ങളായിരുന്നു. ക്രിസ്തുവർഷം 42 മുതൽ 49 വരെ വടക്കുപടിഞ്ഞാറ് ഇന്ത്യ ഉൾപ്പെടുന്ന പാർഥ്യാരാജ്യത്തും 52 മുതൽ 72 വരെ തമിഴകം എന്ന് അറിയപ്പെട്ടിരുന്ന കേരളമുൾപ്പെടുന്ന തെക്കേ ഇന്ത്യ(മലബാർ, ചോളമണ്ഡലതീരപ്രദേശങ്ങളും അവയ്ക്കിടയിലുള്ള പ്രദേശങ്ങളും)യിലും സുവിശേഷം അറിയിച്ച് പല പട്ടണങ്ങളിലും ക്രൈസ്തവസമൂഹങ്ങൾക്കു രൂപം കൊടുത്ത് ക്രിസ്ത്വബ്ദം 72ൽ മൈലാപ്പൂരിൽ തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചു.

**1. മൈലാപ്പൂരിന്റെ പ്രാധാന്യം**

ഇപ്പോഴത്തെ ചെന്നൈയുടെ ഭാഗമായ മൈലാപ്പൂരിലെ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന് ആധുനികപഠനങ്ങളുടെ വെളിച്ചത്തിൽ ചരിത്രത്തിൽനിന്നു ധാരാളം തെളിവുകൾ നിരത്താനുണ്ട്. മൈലാപ്പൂർ അന്നത്തെ ഇന്ത്യയിലെ ഒരു പ്രധാനപട്ടണമായിരുന്നു; മറ്റുള്ളവ മുസ്സിരിസും (കൊടുങ്ങല്ലൂർ) ഗുജറാത്തിലുള്ള ബാറുച്ചും. ഇവയിൽ മുസ്സിരിസ് ഇന്ത്യയുടെ പടിഞ്ഞാറെ കവാടമായിരുന്നുവെങ്കിൽ മൈലാപ്പൂർ ഇന്ത്യയുടെ കിഴക്കേ കവാടമായിരുന്നുവെന്നാണ് ചരിത്രരേഖകളിൽ കാണുന്നത്. മുസ്സിരിസ് തോമാ കപ്പലിറങ്ങിയ സ്ഥലവും മൈലാപ്പൂർ തോമായ്ക്ക് അന്ത്യവിശ്രമം നൽകിയ സ്ഥലവും എന്ന രീതിയിൽ ഇവയ്ക്കു രണ്ടിനും സഭാചരിത്രത്തിൽ വലിയ പ്രാധാന്യമാണുള്ളത്. മൈലാപ്പൂരിലെ തോമാശ്ലീഹായുടെ രക്തസാക്ഷിത്വം ഈ പട്ടണത്തെ മാർത്തോമാ ക്രിസ്ത്യാനികൾക്ക് ഏറ്റവും പ്രധാനപ്പെട്ടതും, പ്രിയപ്പെട്ടതും പവിത്രവുമാക്കിത്തീർത്തു; മാത്രവുമല്ല, ആദ്യ നൂറ്റാണ്ടുകളിൽ സഭാകേന്ദ്രവുമായിരുന്നു.

തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതും ശ്ലീഹായെ കബറടക്കിയും മൈലാപ്പൂരിലാണ് എന്നു തെളിയിക്കുന്ന അനേകം ചരിത്രരേഖകളുണ്ട്. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ വിരചിതമായ 'തോമായുടെ നടപടികൾ' എന്ന ഗ്രന്ഥമാണ് ഏറ്റവും പ്രധാന തെളിവ്. ഈ ഗ്രന്ഥത്തിന്റെ 13-ാം അധ്യായത്തിൽ തോമായുടെ രക്തസാക്ഷിത്വം വളരെ വിശദമായി ചിത്രീകരിക്കുന്നുണ്ട്. അനേകം സഭാപിതാക്കന്മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വവും കബറിടവും സംബന്ധിച്ച് വളരെയേറെക്കാര്യങ്ങൾ അവരുടെ ഗ്രന്ഥങ്ങളിൽ കുറിച്ചിട്ടുള്ളത് നമുക്കു ലഭ്യമാണ്. പുരാവസ്തുഗവേഷണപഠനങ്ങളും വിദേശയാത്രികരുടെ വിവരണങ്ങളും ഇക്കാര്യം തെളിയിച്ചിട്ടുണ്ട്. മൈലാപ്പൂരിലെ തോമായുടെ കബറിടം വളരെ പൂജ്യമായിട്ടാണ് പഴയ നൂറ്റാണ്ടുകളിൽ കരുതിയിരുന്നതെന്ന് പോർച്ചുഗീസ്ചരിത്രഗ്രന്ഥങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ക്രൈസ്തവർമാത്രമല്ല, അക്രൈസ്തവരും ഭയഭക്ത്യാദരവുകളോടെയാണ് ഈ പൂജ്യസ്ഥലം കണ്ടിരുന്നതെന്നുകൂടി അവർ രേഖപ്പെടുത്തിയിട്ടുണ്ട്. തോമായുടെ കബറിടം മാർത്തോമാക്രിസ്ത്യാനികളുടെ ആധ്യാത്മികജീവിതത്തിൽ സുപ്രധാന പങ്കുവഹിച്ചിരുന്നു. മൈലാപ്പൂർ കബറിടത്തേക്കുള്ള തീർഥാടനങ്ങൾ അവർ പതിവായി നടത്താറുണ്ടായിരുന്നു. മൈലാപ്പൂർ തീർഥാടനം ജീവിതസായുജ്യമായാണ് ക്രൈസ്തവർ കരുതിയിരുന്നത്. മൈലാപ്പൂരിൽനിന്നു കൊണ്ടുവന്നിരുന്ന തിരുശേഷിപ്പായ മണ്ണ് രോഗങ്ങൾ സുഖപ്പെടുത്താൻവരെ ശക്തിയുള്ളതായിരുന്നുവെന്ന് അവർ വിശ്വസിച്ചിരുന്നു.



തെക്കുകിഴക്കൻ തീരദേശത്ത് മൂന്നു പ്രധാനസ്ഥലങ്ങളാണ് തോമായുടെ രക്തസാക്ഷിത്വവും കബറിടവുമായി ബന്ധപ്പെട്ടു കാണാനുള്ളത്. അവ സാന്തോം മൈലാപ്പൂർ, സെന്റ് തോമസ് മൗണ്ട്, ചിന്നമല എന്നിവയാണ്. ഇവ മൂന്നും തമ്മിൽ വലിയ ബന്ധമുണ്ട്. അവ അടുത്തടുത്ത സ്ഥലങ്ങളാണ്, ഇന്നത്തെ ചെന്നൈപട്ടണത്തിന്റെ ഭാഗങ്ങളുമാണ്. വിദേശരാജ്യങ്ങളുമായി ഈ തീരപ്രദേശത്തിനും ഇതിലെ പട്ടണങ്ങൾക്കും പ്രത്യേകിച്ച് മൈലാപ്പൂരിനും ബന്ധമുണ്ടായിരുന്നു.

ക്രിസ്ത്വബ്ദത്തിനുമുമ്പേ അറിയപ്പെട്ടിരുന്ന പട്ടണമായിരുന്നു മൈലാപ്പൂർ. ഗ്രീക്ക്, റോമൻ എഴുത്തുകാർ അവരുടെ ഗ്രന്ഥങ്ങളിൽ ഈ പട്ടണത്തെപ്പറ്റി എഴുതുന്നുണ്ട്. 'പെരിപ്ലസ് ഓഫ് ദി എരിത്രിയൻ സീ' (Periplus of the Erythrean Sea) എന്ന ഗ്രന്ഥത്തിൽ ഇന്ത്യയിലെ പ്രധാനതുറമുഖപട്ടണങ്ങളെപ്പറ്റി എഴുതുന്നിടത്ത് മൈലാപ്പൂരിനെപ്പറ്റിയും പറയുന്നുണ്ട്. മാന്നാർ, ഫാൽക്ക് എന്നീ കടലിടുക്കുകളെപ്പറ്റിയും (gulfs) കാവേരിതീരത്തുള്ള മൂന്നു പട്ടണങ്ങളെപ്പറ്റിയും ഈ ഗ്രന്ഥത്തിൽ കാണാം. ഇന്ത്യയുടെ കിഴക്കൻതീരത്തെ പട്ടണങ്ങളെപ്പറ്റി വിശദീകരിക്കുന്നില്ലെങ്കിലും പട്ടണങ്ങളുടെ പേരു പറയുന്നിടത്ത് മസാലിയ അഥവാ മസൂലിപട്ടണം എന്നു കാണാം. റോമൻ എഴുത്തുകാരനായ ക്ലാവുഡിയൂസ് ടോളമി തന്റെ 'ജിയോഗ്രഫി' എന്ന ഗ്രന്ഥത്തിൽ ഏഴാം അധ്യായത്തിൽ മൈലാപ്പൂരിനെക്കുറിച്ചു പറയുന്നുണ്ട്. ഗ്രീക്ക്, ലത്തീൻ, ഇറ്റാലിയൻ ഭാഷകളിൽ മൈലാപ്പൂർ എന്ന നാമം വ്യത്യസ്തരൂപങ്ങളിലാണ് ഉപയോഗിച്ചിരിക്കുന്നത്. വിദേശരേഖകളിൽ കാണുന്ന Maliarpha, Menarpha, Manaliapha എന്നിവയിൽ Maliarpha യാണ് കൂടുതൽ പ്രയോഗത്തിൽ കാണുന്നത്. ഇതു രണ്ടു പദങ്ങൾ ചേരുന്നതാണ്; Melia, pha എന്നിവ. ഇതിൽനിന്നാണ് Meliapor അഥവാ മൈലാപ്പൂർ ഉദ്ഭവിക്കുന്നത് എന്നു വ്യക്തമാണ്.

1498 ൽ കേരളത്തിൽ കോഴിക്കോട് എത്തിയ പോർച്ചുഗീസുകാർ 1500 ലാണ് മൈലാപ്പൂരിലെത്തുന്നത്. ചരിത്രത്തിൽ വലിയ സ്ഥാനമുണ്ടായിരുന്നുവെങ്കിലും അന്ന് അത് ഒരു ചെറിയ പ്രദേശമായിരുന്നുവെന്നും 'ബേത്-തുമ' എന്നാണ് അറിയപ്പെട്ടിരുന്നതെന്നും പോർച്ചുഗീസ് ചരിത്രകാരന്മാർ എഴുതുന്നുണ്ട്. 'ബേത്-തുമ' എന്ന സുറിയാനിപദത്തിന് അർഥം 'തോമായുടെ സ്ഥലം' എന്നാണ്. അപ്പസ്തോലനായ തോമാ സുവിശേഷം പ്രസംഗിച്ചതും മരിച്ചതും കബറടക്കപ്പെട്ടതും ഇവിടെയായതുകൊണ്ടാണ് ഈ പേരുവന്നതെന്ന് പോർച്ചുഗീസ് ചരിത്രകാരന്മാർക്കു ബോധ്യമായി. അതുകൊണ്ട്, അവർ ഈ സ്ഥലത്തെ തത്തുല്യമായ രീതിയിൽ സാന്തോം (Santhome) എന്ന് പോർച്ചുഗീസിലേക്കു മാറ്റി. അതു മൈലാപ്പൂർതന്നെയായിരുന്നതുകൊണ്ട് ഇതിനെ Santhome de Mylapore എന്നും വിളിച്ചു. ഈ രണ്ടു പേരുകളും മാറിമാറി പോർച്ചുഗീസ് രേഖകളിൽ കാണാം.

**2. തോമായുടെ നടപടികളിലെ സാക്ഷ്യം**

എ.ഡി. 3-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ എഴുതപ്പെട്ട 'തോമായുടെ നടപടികൾ' എന്ന ഗ്രന്ഥമാണ് തോമാശ്ലീഹായുടെ മൈലാപ്പൂരിലെ രക്തസാക്ഷിത്വത്തെക്കുറിച്ചു വിശദവിവരം നൽകുന്നത്. രാജാവിന്റെ അപ്രീതിക്കു കാരണമായ തോമായുടെ പ്രസംഗവും സുവിശേഷപ്രവർത്തനവുമാണ് അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിനു കാരണമായതെന്ന് 'തോമായുടെ നടപടികൾ' സമർത്ഥിക്കുന്നു. രാജാവിന്റെ മകനും ഭാര്യയും തോമായുടെ ശിഷ്യത്വം സ്വീകരിക്കുന്നതും ക്രിസ്തുമതാനുശാസനങ്ങൾക്കനുസൃതം ജീവിക്കുന്നതുമാണ് രാജാവിനെ പ്രകോപിപ്പിച്ചത്. അങ്ങനെ നോക്കുമ്പോൾ തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രവർത്തനങ്ങളും രക്തസാക്ഷിത്വവുമാണ് ഈ ഗ്രന്ഥത്തിന്റെ കാതൽ. ഇത്രയും കൃത്യമായും വ്യക്തമായും കാര്യങ്ങൾ അവതരിപ്പിക്കുന്ന ഈ ഗ്രന്ഥത്തെ ഒരു കെട്ടുകഥയായോ വെറും ഭാവനയായോ ആർക്കും കണക്കാക്കാനാവില്ല. അതിനാൽ തോമാശ്ലീഹായുടെ ഇന്ത്യയിലെ പ്രേഷിതപ്രവർത്തനത്തിന്റെ ഏറ്റവും പ്രധാന ഒരു തെളിവായി ഈ ഗ്രന്ഥത്തെ കാണാം.

സുറിയാനിസഭയുടെ കേന്ദ്രമായ വടക്കേ മെസപ്പൊട്ടാമിയായിലെ എദേസ്സായിലാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. എദേസ്സായിലാണ് എഴുതപ്പെട്ടതെങ്കിലും ഈ ഗ്രന്ഥത്തിന്റെ പശ്ചാത്തലം മുഴുവൻ ഇന്ത്യയാണ്. എങ്കിലും ഇതിൽ കൊടുത്തിരിക്കുന്ന സ്ഥലങ്ങളുടെയും വ്യക്തികളുടെയും വിശദവിവരങ്ങൾ ഇല്ല. ഒന്നുകിൽ വിശദാംശങ്ങൾ ഗ്രന്ഥകർത്താവിന് അറിയില്ലായിരുന്നിരിക്കാം അഥവാ ആവശ്യമായി തോന്നിയിട്ടില്ലായിരിക്കാം. അറിവില്ലാഞ്ഞിട്ടാണെങ്കിൽ പിന്നെ എങ്ങനെ ഈ രാജ്യത്തെക്കുറിച്ചും അതിലെ വ്യക്തികളെയും സ്ഥലങ്ങളെയുംകുറിച്ചും മറ്റൊരു രാജ്യത്തിരുന്ന് എഴുതാൻ സാധിച്ചു എന്നു ന്യായമായും ചോദിക്കാവുന്നതാണ്. സ്വന്തം ഭാവനയിൽനിന്ന് ഇങ്ങനെ എഴുതാൻ സാധിക്കില്ലല്ലോ; അതും വളരെ ദൂരത്തുള്ള ഒരു രാജ്യത്തെക്കുറിച്ച്. ഏതെങ്കിലും നിലനിന്നിരുന്ന രേഖകളോ കാര്യങ്ങൾ അറിയാവുന്ന വ്യക്തികളുടെ സഹായമോ ലഭിച്ചിട്ടുണ്ടായിരിക്കണം. വിശദാംശങ്ങൾക്കു പ്രാധാന്യം നൽകാത്തതിന്റെ കാരണം ഇതൊരു ചരിത്രഗ്രന്ഥമായി എഴുതപ്പെട്ടതല്ലാത്തതുകൊണ്ടാവണം.

വായനക്കാർക്കു കൊടുക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾമാത്രമേ ഇതിൽ ഗ്രന്ഥകാരൻ ശ്രദ്ധിച്ചിട്ടുള്ളൂ; അതായത്, മാർ തോമായുടെ ഭാരതപ്രേഷിതത്വം എദേസ്സായിലെ സുറിയാനിസഭയുടെ കാഴ്ചപ്പാടിൽ എന്നത്. അതിനാൽ, സുറിയാനി സഭാകേന്ദ്രമായ എദേസ്സായിൽനിന്ന് ഒരാൾ തോമായുടെ ഭാരതപ്രേഷിതപ്രവർത്തനത്തെപ്പറ്റി ഇത്ര വിശദമായി എഴുതുന്നതിൽ അദ്ഭുതപ്പെടാനില്ല. ഇതു വ്യക്തമാക്കുന്നത് തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെപ്പറ്റി എദേസ്സായിലെ സഭയ്ക്ക് അറിയാമായിരുന്നെന്നും ഈ സഭകൾ തമ്മിൽ നല്ല ബന്ധമാണുണ്ടായിരുന്നതെന്നും ഭാരതസഭ തോമാശ്ലീഹായാൽ സ്ഥാപിതമാണെന്നുമുള്ള കാര്യങ്ങളാണ്.

**3. സഭാപിതാക്കന്മാരുടെ സാക്ഷ്യം**

അപ്പസ്തോലപിതാക്കന്മാർ, വിശ്വാസസംരക്ഷകർ, സഭാപിതാക്കന്മാർ എന്നിവരുടെ കൃതികളടങ്ങുന്ന സഭയിലെ ആദ്യകാലകൃതികളിലൂടെ കടന്നുപോകുമ്പോൾ മാർ തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെ പരാമർശിക്കുന്ന വളരെയേറെ കാര്യങ്ങൾ കണ്ടെത്താനാവും. ഗ്രീക്ക്, ലത്തീൻ, സുറിയാനി സഭാപിതാക്കന്മാരുടെ കൃതികളാണ് നാമിവിടെ പഠനവിഷയമാക്കുക. ഏതു വിഷയത്തെക്കുറിച്ചു പറയാനും എഴുതാനും പ്രാപ്തരായിരുന്നു അവർ എന്നു കാണാൻ സാധിക്കും. ഇന്ത്യയുടെ ഭൂമിശാസ്ത്രം, കാലാവസ്ഥ, ജനങ്ങൾ, മൃഗങ്ങൾ, സസ്യലതാദികൾ, പട്ടണങ്ങൾ, തോമാശ്ലീഹായുടെ ഭാരതപ്രേഷിതത്വം, രക്തസാക്ഷിത്വം എല്ലാം അവരുടെ കൃതികളിൽ ദൃശ്യമാണ്. അവർക്ക് ഇന്ത്യയെക്കുറിച്ചുണ്ടായിരുന്ന അറിവ് നമ്മെ അദ്ഭുതപ്പെടുത്തുന്നതാണ്. ഈ കാലഘട്ടത്തിലെ ഗ്രീക്ക്, ലത്തീൻ, സുറിയാനി ഭാഷകളിൽ രചിക്കപ്പെട്ട വിവിധ കൃതികൾ പരിശോധിച്ചാൽ തോമായുടെ ഇന്ത്യയിലെ സുവിശേഷപ്രഘോഷണത്തിന്റെ ഒരുവിധം വ്യക്തമായ ചിത്രം നമുക്കു ലഭിക്കും.

*ശേഷം 10-ാം പേജിൽ*

# ഹൃദ്രോഗസാധ്യത നേരത്തേ അറിയാം



ഡോ. ജോർജ് തയ്യിൽ

നെഞ്ചിനകത്തു വാരിയെല്ലുകൾക്കും ശക്തമായ മാംസപേശികൾക്കു മുള്ളിൽ ഭദ്രമായി സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഹൃദയമെന്ന അവയവത്തിനേൽക്കുന്ന ആഘാതം മൃത്യുവിലേക്കുള്ള കുറുക്കുവഴിയാകുമെന്ന വസ്തുത ഇന്നു ജനകീയമായിക്കഴിഞ്ഞു. ഹൃദ്രോഗങ്ങളിൽ ഏറ്റവും ആപത്കരം ധമനികളുടെ ജരിതാവസ്ഥമൂലമുണ്ടാകുന്ന ഹാർട്ടറ്റാക്കുതന്നെ. ഹൃദ്രോഗമെന്നു പറയുമ്പോൾ ജന്മനായുള്ളതും വാതപ്പനിമൂലമുണ്ടാകുന്ന വാൽവുകളുടെ അപചയവും ഉൾപ്പെടുമെന്ന് അറിഞ്ഞിരിക്കണം. എന്നാൽ, ഈ രണ്ടു വിഭാഗങ്ങളും കാലോചിതമായ പരിശോധനകളും ചികിത്സകളും കൊണ്ട് ഇപ്പോൾ ഏതാണ്ട് പിടിയിലമർന്നുകഴിഞ്ഞെന്നു പറയേണ്ടിയിരിക്കുന്നു. ഏറ്റവും ഗുരുതരമായത് കൊറോണറിധമനികൾ ചുരുങ്ങുന്നതുകാരണം ഉണ്ടാകുന്ന ഹൃദയാഘാതവും അതേത്തുടർന്നുള്ള മാരകമായ സങ്കീർണതകളുംതന്നെ. ഹാർട്ടറ്റാക്കും പെട്ടെന്നുള്ള മരണവും 40-50 ശതമാനം സംഭവിക്കുന്നതു നേരത്തേ രോഗലക്ഷണങ്ങളൊന്നുമില്ലാത്തവരിലാണെന്നു പഠനങ്ങൾ സ്ഥിരീകരിക്കുന്നു. അതുകൊണ്ട് രോഗലക്ഷണങ്ങൾ പ്രകടമായിട്ടില്ലാത്ത ഹൃദ്രോഗികളെയും ഹൃദ്രോഗസാധ്യതയുള്ളവരെയും നേരത്തെ കണ്ടുപിടിച്ചു പ്രാഥമികപ്രതിരോധനടപടികൾ നടത്തുക തികച്ചും അന്വർഥമാണ്. അതിനു പ്രധാനമായി അഞ്ചു കാരണങ്ങളാണുള്ളത്.

- അനേകരെ കൊന്നൊടുക്കുന്ന സർവസാധാരണവും ഭീതിദവുമായ ഒരു രോഗാതുരതയായി മാറിക്കഴിഞ്ഞു ഹൃദ്രോഗം.
- സമുചിതമായ ജീവിത-ഭക്ഷണക്രമീകരണങ്ങൾകൊണ്ടും ആപത്ഘടകങ്ങളെ പിടിയിലൊതുക്കുകവഴിയും ഏതാണ്ട് 85 ശതമാനംവരെ നിയന്ത്രണവിധേയമാക്കാവുന്നതാണ് ഈ രോഗം.
- ധമനികളിൽ ബ്ലോക്കുണ്ടായാൽ ലക്ഷണങ്ങൾ പ്രകടമാകാൻ ദീർഘകാലമെടുക്കും.
- രോഗലക്ഷണങ്ങൾ തുടങ്ങിക്കഴിഞ്ഞാൽ പിന്നെ ഹാർട്ടറ്റാക്കോ പെട്ടെന്നുള്ള മരണമോ സാധിക്കാനുള്ള കാലയളവ് ഹ്രസ്വമാണ്.
- ധമനികളിൽ ബ്ലോക്കുണ്ടാക്കുന്ന പൊതുവായ ജരിതാവസ്ഥ ഗുരുതരമായാൽ ശാശ്വതമായ പരിഹാരമില്ല.

ഹൃദ്രോഗമുണ്ടാകാനുള്ള ആജീവനാന്ത സാധ്യത അമ്പതു വയസ്സുകഴിഞ്ഞ പുരുഷന്മാരിൽ 52 ശതമാനവും സ്ത്രീകളിൽ 39 ശതമാനവുമാണ്. എന്നാൽ, ഓരോ തരത്തിലുള്ള ആപത്ഘടകങ്ങളുടെ അതിപ്രസരം കാരണം ഈ സംഖ്യയിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാം. രോഗലക്ഷണങ്ങളില്ലാത്തവരാണെങ്കിൽപ്പോലും ഓരോ തരത്തിലുള്ള അപകടഘടകങ്ങളുടെ കടന്നുകയറ്റം വിലയിരുത്തുകവഴി ഭാവിയിലുണ്ടാകാൻപോകുന്ന മാരകമായ ഹൃദ്രോഗസാധ്യത ഏറെക്കുറെ പ്രവചിക്കാൻ സാധിക്കുമെന്നോർക്കണം. ഓരോ വ്യക്തിയിലെയും അപകടസാധ്യത അടിസ്ഥാനപരമായി വിലയിരുത്താൻ നിർദേശിക്കപ്പെട്ടിട്ടുള്ള മാർഗരേഖകളിൽ എല്ലാംതന്നെ പ്രായം, ലിംഗം, രക്തസമ്മർദം, പുകവലി, പ്രമേഹം, കൊളസ്ട്രോൾ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ, പല നൂതന അപായസൂചകങ്ങളും പുതുതായി കണ്ടെത്തിയിട്ടുണ്ട്. സി. റിയാക്ടീവ് പ്രോട്ടീൻ, പാരമ്പര്യപ്രവണത, സമൂഹത്തിൽ തിരസ്കരിക്കപ്പെട്ട അവസ്ഥ, എച്ച്.ബി.എ. വൺ സി. ഇവയെല്ലാം ഓരോ തരത്തിൽ ഹൃദ്രോഗസാധ്യതയെ ഉദ്ദീപിക്കുന്നു. കൂടാതെ, അമിതവണ്ണവും വൃക്കരോഗവും പുതിയ അപകടസൂചകങ്ങളായി പരിഗണിക്കപ്പെട്ടിട്ടുണ്ട്.

ഹൃദ്രോഗലക്ഷണങ്ങളില്ലാത്തവരിലെ അപകടസാധ്യത അടിസ്ഥാനപരമായി വിലയിരുത്താൻ പല 'റിസ്ക് സ്കോറുകളും' കണ്ടെത്തിയിട്ടുണ്ട്. അവയിൽ പ്രധാനം ഫ്രാമിങ്ങാം റിസ്ക് സ്കോർ, എ.റ്റി.പി. 3, സ്കോർ പ്രൊജക്ട്, റെയ്നോൾഡ്സ് അസൈൻ, ക്യൂറിസ്ക് എന്നിവയാണ്.

ഹൃദ്രോഗലക്ഷണങ്ങളില്ലാത്തവർ മൂന്നു വിഭാഗത്തിൽപ്പെടുന്നു.

1. ഈ വിഭാഗത്തിൽപ്പെട്ടവർക്കു പ്രധാനപ്പെട്ട യാതൊരു അപകടങ്ങളുമില്ല.

പുകവലിയില്ല, പൊതുവായ കൊളസ്ട്രോൾ 200 ൽ താഴെ, എച്ച്.ഡി.എൽ. 40 ൽ കൂടുതൽ. പ്രഷർ 120 ൽ താഴെ, പ്രമേഹമില്ല, ബോഡി മാസ് ഇൻഡക്സ് 25 ൽ കുറവ്, വർധിച്ച ഹൃദ്രോഗസാധ്യത കുടുംബത്തിലില്ല. ഈ ഗ്രൂപ്പിൽപ്പെടുന്നവർക്ക് ഹൃദയാഘാതത്തിനുള്ള സാധ്യത വളരെ കുറവാണ്. 20 വയസ്സു കവിഞ്ഞവരിൽ ഏതാണ്ട് 35 ശതമാനം പേരാണ് ഈ ഗ്രൂപ്പിൽപ്പെടുന്നത്. ഫ്രാമിങ്ങാം റിസ്ക് സ്കോർപ്രകാരം ഇക്കൂട്ടർക്ക് അടുത്ത പത്തു വർഷത്തിനുള്ളിൽ ഹാർട്ടറ്റാക്കുണ്ടാകാനുള്ള സാധ്യത അഞ്ചു ശതമാനത്തിൽ കുറവാണ്.

2. ഈ വിഭാഗത്തിൽപ്പെട്ടവർക്കു രോഗലക്ഷണങ്ങളില്ലെങ്കിലും ധമനികളിൽ ജരിതാവസ്ഥയുള്ളതായി തെളിഞ്ഞിട്ടുണ്ട്. പ്രമേഹമുണ്ട്, കൊളസ്ട്രോൾ കൂടുതൽ, പ്രഷർ വർധിക്കുന്നു, ദുർമേദസ്സും വ്യായാമക്കുറവും. ഈ ഗ്രൂപ്പിൽപ്പെടുന്നത് 25 ശതമാനം പേരാണ്. ഫ്രാമിങ്ങാം നിർവചനങ്ങൾപ്രകാരം ഇക്കൂട്ടർക്കു ഹൃദയാഘാതമോ മരണമോ സംഭവിക്കാനുള്ള സാധ്യത വളരെക്കൂടുതലാണ്.

3. ഒന്നും രണ്ടും ഗ്രൂപ്പുകൾക്കിടയിലുള്ളവർ ഏതാണ്ട് 40 ശതമാനം പേർ. ഒന്നോ അതിലധികമോ ആപത്ഘടകങ്ങളുണ്ട്. ഇക്കൂട്ടർക്ക് കൊറോണറി കാത്സ്യം, കരോട്ടിക് ആർട്ടറിയിലെ ജരിതാവസ്ഥ തുടങ്ങിയവ തിട്ടപ്പെടുത്തണം.

ഹൃദയാഘാതത്തിനു ഹേതുവായത് കൊറോണറിയിലെ ബ്ലോക്കായതുകൊണ്ട് പൊതുവായി ശരീരത്തിലെ ധമനികളുടെ ജരിതാവസ്ഥയെപ്പറ്റി പഠിക്കാനുള്ള ടെസ്റ്റുകൾ ചെയ്യണം. അങ്ങനെയാണു രക്തക്കുഴലുകളുടെ വികസനശേഷി, കരോട്ടിക് ധമനിയിലെ ജരിതാവസ്ഥ, കരോട്ടിക് ധമനിയിലെ കൊഴുപ്പുനിക്ഷേപം, കണങ്കാലിലെയും കൈയിലെയും പ്രഷർവ്യത്യാസം, കൊറോണറികളിലെ കാത്സ്യം തുടങ്ങിയ സുപ്രധാന പരിശോധനക്രമങ്ങൾ അരങ്ങേറിയത്.

ഇ.ബി.സി.റ്റി. (ഇലക്ട്രോൺ ബീം കമ്പ്യൂട്ടഡ് റ്റുമാഗ്രഫി) എന്ന ആധുനികപരിശോധനാ സംവിധാനംവഴി ഹൃദയധമനിയുടെ ഉൾപ്പാളികളിൽ അടിഞ്ഞുകൂടുന്ന കാത്സ്യത്തിന്റെ അളവിനെ തിട്ടപ്പെടുത്തി കൊറോണറിധമനികളെ സമൂലമായി ബാധിച്ചിരിക്കുന്ന രോഗാതുരതയുടെ തീവ്രതയെ വിലയിരുത്തുവാൻ സാധിക്കും. രോഗലക്ഷണങ്ങളില്ലാത്തവരിലും ആപത്ഘടകങ്ങളുടെ അതിപ്രസരമുണ്ടെങ്കിൽ ഹൃദ്രോഗതീവ്രത വിലയിരുത്താനായി സി.റ്റി. ആൻജിയോഗ്രഫി ചെയ്യാം. കൊറോണറികളിൽ കാത്സ്യം പറ്റിപ്പിടിച്ചിരിക്കുന്നതു കാണാൻ സാധിക്കുന്നില്ലെങ്കിൽ അവിടെ ബ്ലോക്കിനുള്ള സാധ്യത കുറവാണെന്നു പറയാം. ഇനി കൊറോണറികളിൽ പലയിടങ്ങളിലായി കാത്സ്യം ഉണ്ടെന്നു തെളിഞ്ഞാൽ പുതിയ നിർദേശങ്ങൾപ്രകാരം രക്തത്തിലെ കൊളസ്ട്രോൾ (എൽ.ഡി.എൽ.) കുറയ്ക്കാനുള്ള കർശനചികിത്സ നടത്തണം (സ്റ്റാറ്റിൻ, എസെറ്റമൈബ്, പി.സി.എസ്.കെ.-9 ഇൻഹിബിറ്റർ, ബെംസോയിക് ആസിഡ്). കൂടാതെ, ആന്റി പ്ലേറ്റ്ലെറ്റ് - ആന്റി ത്രോംബോട്ടിക് തെറാപ്പിയുംതുടങ്ങുന്നത് ഉചിതം. ഒപ്പം, പ്രഷറും പ്രമേഹവും നിയന്ത്രിക്കണം. രോഗലക്ഷണങ്ങൾ ഇല്ലെങ്കിൽക്കൂടി പരിശോധനയിലൂടെ ഹൃദയധമനികളിൽ പരിധിയിലധികം കാത്സ്യമുണ്ടെന്നു തെളിഞ്ഞാൽ അതു ഭാവിയിൽ ഉണ്ടാകാൻപോകുന്ന ഹൃദയാഘാതത്തിന്റെ മുന്നോടിയാവാമെന്നു പഠനങ്ങൾ സൂചിപ്പിക്കുന്നു.



കോശങ്ങളുടെ വീക്കത്തോടെ സജീവമാകുന്ന സി.ആർ.പി., ഇന്റർലുക്കിൻ-6, ഫോസ്ഫോലിപ്പിസ്ഡ് - എ-2, ഓക്സീകരിക്കപ്പെട്ട എൽ.ഡി.എൽ., നൈട്രോതൈറോസിൻ കൊഴുപ്പിന്റെ ഉപാപചയപ്രക്രിയയുമായി ബന്ധപ്പെട്ടുണ്ടാകുന്ന ലൈപ്പോപ്രോട്ടീൻ-എ, പൈ-ഒന്ന്, ഡി. ഡൈമർ, ഹോമോസിസ്റ്റിൻ, മൂത്രത്തിലെ മൈക്രോ ആൽബുമിൻ, ഹൃദയപരാജയമുണ്ടാകുമ്പോൾ കാണുന്ന എൻ.റ്റി. പ്രൊ. ബി.എൻ.പി; ട്രോപോനിൻ തുടങ്ങിയ സൂചകങ്ങൾ ഭാവിയിലുണ്ടാകാൻ പോകുന്ന ഹൃദയാഘാതം കണ്ടുപിടിക്കുന്നതിൽ സുപ്രധാനപങ്കു വഹിക്കുന്നു.

(തുടരും)



ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ഉപദേശം കേൾക്കുകയും പ്രബോധനം അംഗീകരിക്കുകയും ചെയ്യുക, നീ ജ്ഞാനിയാകും.

സുഭാഷിതം 19:20

**എഡിറ്റോറിയൽ**

# വിഷലിപ്തമാക്കരുത് നമ്മുടെ വിദ്യാഭ്യാസമേഖല

**കേ**രളത്തിന്റെ ഉന്നതവിദ്യാഭ്യാസരംഗം ആഭാസത്തരങ്ങളുടെ വിഴുപ്പണിഞ്ഞു ദുർഗന്ധപൂരിതമായിട്ടു ദിവസങ്ങളേറെയായിരിക്കുന്നു. കേരളത്തിലെ സർവകലാശാലകളെ രാഷ്ട്രീയലക്ഷ്യത്തിനായി ഉപയോഗിക്കുകയാണെന്നും വിദ്യാർഥിസംഘടനയിൽ അംഗത്വമുണ്ടെങ്കിൽ നിയമവിരുദ്ധമായ എന്തു കാര്യവും നടത്താവുന്ന സ്ഥിതിയാണ് ഇവിടുള്ളതെന്നും ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ചൂണ്ടിക്കാട്ടിയതു ശരിവയ്ക്കുന്ന സംഭവങ്ങളാണ് ഇപ്പോൾ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.

പരീക്ഷയെഴുതാതെ ജയിക്കാനും യോഗ്യതാസർട്ടിഫിക്കറ്റില്ലാതെ പ്രവേശനം നേടാനും വ്യാജസർട്ടിഫിക്കറ്റുണ്ടാക്കി ജോലി നേടാനും തിരഞ്ഞെടുപ്പിൽ ജയിക്കാതെ സർവകലാശാലാ യൂണിയൻ കൗൺസിലറാകാനും ഒരുമ്പെട്ട എസ്.എഫ്.ഐ. നേതാക്കളെക്കുറിച്ചുള്ള വാർത്തകൾ ദിനംപ്രതി കേട്ടുമടുത്തിരിക്കുകയാണ് കേരളജനത. ഇതു യുവതലമുറയ്ക്കു കൊടുക്കുന്ന സന്ദേശത്തിന്റെ പ്രത്യാഘാതങ്ങൾ ചെറുതല്ലെന്നു ചിന്തിക്കാനുള്ള വിവരമെങ്കിലും ഉത്തരവാദിത്വപ്പെട്ടവർക്കുണ്ടാകേണ്ടേ? വിദ്യാഭ്യാസവും ജോലിയുമന്വേഷിച്ചു വിദേശങ്ങളിലേക്കു കൂട്ടപ്പലായനം ചെയ്യുന്ന നമ്മുടെ ചെറുപ്പക്കാരെയോർത്ത് സങ്കടപ്പെട്ടിട്ടോ അവരെ പഴിച്ചിട്ടോ അതിനെക്കുറിച്ചു ഗവേഷണം നടത്തിയിട്ടോ വലിയ കാര്യമുണ്ടെന്നു തോന്നുന്നില്ല. സംസ്ഥാനത്തെ സർവകലാശാലകളിൽ കൊഴുക്കുന്ന ക്രമക്കേടുകളുടെ കൊടുമയിൽനിന്ന് കേരളത്തെ കരകയറ്റാനുള്ള ഇച്ഛാശക്തിയാണ് വിദ്യാഭ്യാസമേഖല കൈകാര്യം ചെയ്യുന്നവർക്കും സർക്കാരിനുമുണ്ടാകേണ്ടത്.

ഉന്നതവിദ്യാഭ്യാസമേഖലയുടെ അകത്തളങ്ങൾ അടക്കിഭരിക്കുന്ന രാഷ്ട്രീയയജമാനന്മാരെയും അവരുടെ വഴിവിട്ട പ്രവർത്തനങ്ങളെയുംകുറിച്ചു ദിനംപ്രതി പുറത്തുവരുന്ന വാർത്തകൾ സാക്ഷരകേരളത്തെ ലജ്ജിപ്പിക്കുന്നതാണ്. അഴിമതിയുടെ കറപുരണ്ട അത്തരക്കാരുടെ കരാളഹസ്തങ്ങളിൽ നമ്മുടെ വിദ്യാഭ്യാസമേഖല അടിമത്തത്തിലേർപ്പെട്ടിരിക്കുന്നതാണ് കേരളത്തിന്റെ ശാപം. വിദേശങ്ങളിലോ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലോ ഇക്കൂട്ടരുടെ ഇത്രയധികം അന്യായങ്ങൾ നടക്കുന്നുണ്ടെന്നു തോന്നുന്നില്ല. ഭരണകക്ഷിയുടെയും അവരുടെ സിൽബന്ധികളുടെയും വ്യാജവിളയാട്ടങ്ങൾ നമ്മുടെ വിദ്യാഭ്യാസപ്രസ്ഥാനത്തെ അപചയത്തിന്റെ ആഴങ്ങളിലേക്കു തള്ളിവിടുന്നത് പതിവായിട്ടും, ഉത്തരവാദിത്വത്തോടെ പ്രതികരിക്കാനോ പ്രതിരോധിക്കാനോ നമ്മുടെ ബുദ്ധിജീവിവർഗത്തിനോ പ്രബുദ്ധസമൂഹത്തിനോ സാധിക്കുന്നില്ല എന്നതാണ് ഏറെ അപകടകരവും അപലപനീയവും.

കേരളത്തിന്റെ വിദ്യാഭ്യാസമേഖലയുടെ വിശ്വാസ്യത വലിയ തോതിൽ ഇടിഞ്ഞിരിക്കുന്നുവെന്നതു പരമാർഥമാണ്. ഉന്നതവിദ്യാഭ്യാസമേഖലയിലടക്കം സർവരംഗത്തുമുണ്ടായിരിക്കുന്ന രാഷ്ട്രീയാതിപ്രസരം സത്യസന്ധരായ ഉദ്യോഗസ്ഥരെ നിഷ്ക്രിയത്വത്തിന്റെ പാരമ്യത്തിലെത്തിച്ചിരിക്കുന്നു. അധികാരിവർഗത്തിന്റെ ആജ്ഞാനുവർത്തികൾമാത്രമായി വിവരവും വിദ്യാഭ്യാസവുമുള്ള ഉദ്യോഗസ്ഥവൃന്ദം തരംതാഴുന്നതു സാക്ഷരകേരളത്തിനു തീരാശാപമാണ്. ഭയരഹിതമായും നിയമാനുസൃതമായും നീതിപൂർവം തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ചെയ്തുതീർക്കാനുള്ള സ്വാതന്ത്ര്യം ഇനിയെന്നാണു നമ്മുടെ സർവകലാശാലാധികൃതർക്ക് ഉണ്ടാവുന്നത്?

പൊതുവിദ്യാഭ്യാസം മികച്ച രീതിയിൽ അഴിച്ചുപണിയാനുള്ള പ്രതിബദ്ധത സർക്കാരിനുണ്ടായേ പറ്റൂ. ഗുരുതരമായ മസ്തിഷ്കച്ചോർച്ച സംസ്ഥാനത്തു സംഭവിച്ചുകൊണ്ടിരിക്കുമ്പോൾ, വിദ്യാഭ്യാസരംഗത്തെ കുത്തഴിഞ്ഞ അവസ്ഥകൾക്കു പരിഹാരമുണ്ടാകണം. സ്വജനപക്ഷപാതവും പിൻവാതിൽനിയമനങ്ങളും കൊണ്ടു പൊറുതിമുട്ടിയിരിക്കുന്ന കേരളത്തിലെ വിദ്യാഭ്യാസരംഗം അടിമുടി ശുദ്ധീകരിച്ചെടുക്കാൻ പ്രബുദ്ധജനം ഒന്നിച്ചുണർന്നു സ്വരമുയർത്തിയേ തീരൂ. സർവകലാശാലയിലെ അധ്യാപക-ഉദ്യോഗസ്ഥനിയമനങ്ങൾ വലിയൊരളവുവരെ രാഷ്ട്രീയവത്കരിച്ചതിന്റെ ഫലമായാണ് കലാലയങ്ങൾ രാഷ്ട്രീയാഭാസക്കളരികളായി അധഃപതിച്ചത്. വ്യാജസർട്ടിഫിക്കറ്റുകളും വ്യാജനിയമനങ്ങളും വ്യാജവിജയങ്ങളുമെല്ലാം ഇതിന്റെ ബാക്കിപത്രംമാത്രമാണ്.

വിദ്യാഭ്യാസരംഗത്തെ ജീർണത ഒറ്റദിവസംകൊണ്ടുണ്ടായതല്ല, അതുകൊണ്ടുതന്നെ ഒറ്റദിവസംകൊണ്ട് അതു തിരുത്താനുമാവില്ലായിരിക്കാം. പക്ഷേ, ഇന്നലെകളിലെ തെറ്റുകളും നാണക്കേടിന്റെ ചരിത്രങ്ങളും ഇനിയും ആവർത്തിക്കാതിരിക്കാനുള്ള ജാഗ്രത പൗരബോധമുള്ള എല്ലാവർക്കും ഉണ്ടായേ തീരൂ. സംശയത്തിന്റെ മുൾമുനയിൽ നിൽക്കുന്ന കേരളത്തിലെ വിദ്യാഭ്യാസരംഗം പുനരുജ്ജീവിപ്പിക്കാനും നഷ്ടപ്പെട്ടുപോയ വിശ്വാസ്യത തിരിച്ചുപിടിക്കാനും ഭരണകൂടം പ്രതിജ്ഞാബദ്ധമാകണമെന്നു സാരം.

■

## ഈ നായ്ശല്യത്തിന് ഒരന്ത്യമില്ലേ?

നായ നല്ലൊരു മൃഗം എന്നു ചൊല്ലാത്തവരും പഠിക്കാത്തവരുമില്ല. നായയുടെ യജമാനസ്നേഹം അവർണനീയംതന്നെ. ഓമനകളായ കൊച്ചുപപ്പിക്കുട്ടികൾ മുതൽ കടുവയെപ്പോലും കിടുകിടാ വിറപ്പിക്കാൻ പോന്നത്ര ഭീമാകാരന്മാർ വരെയടങ്ങിയ നായകൾ രൂപത്തിലും ഭാവത്തിലും എത്രയെത്രയിനങ്ങളാണ്!

നല്ല നായ്ക്കൾ നാടിനും വീടിനും സംരക്ഷകരെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. എന്നാൽ, അവർ യജമാനന്റെ വരുതിയിൽ നിൽക്കുന്നവരായിരിക്കണം. നായകൾ നാഥനില്ലാതെ തെരുവിലിറങ്ങി വെറും 'പട്ടി'കളായി അധഃപതിക്കുമ്പോഴാണ് അതൊരു സാമൂഹികദുരന്തമായി മാറുന്നത്. നമ്മുടെ നാട് ഇന്നു നേരിടുന്ന ഏറ്റവും വലിയ ഭീഷണിയും അതുതന്നെ. തെരുവുപട്ടികളെ ഉന്മൂലനം ചെയ്യാൻ ഇച്ഛാശക്തിയുള്ള ഒരു സർക്കാരിനു പോലും കഴിയാത്തവിധം നിയമത്തിന്റെ ചങ്ങലകളാൽ പൂട്ടപ്പെട്ടിരിക്കുകയാണ്. ജനരോഷം ഭയന്ന് നായകളെ പിടികൂടി വന്ധ്യംകരണം ചെയ്യുന്നതാണ് ഏതു സർക്കാരും ചെയ്യുന്ന ഏകകലാപരിപാടി. കഷ്ടം തന്നെ! പട്ടികടിയേറ്റവരിൽ മരിച്ചവരുടെ എണ്ണമേ അധികൃതരുടെ കൈവശമുള്ളൂ. ഈ വർഷം തന്നെ ഇതിനോടകം ആറുപേരായി. എന്നാൽ, നായകളുടെ കടിയേറ്റ് ഗുരുതരപരിക്കുകളേറ്റുവാങ്ങിയവർ എത്രയോ അധികമാണ്!

മനുഷ്യജീവന് ഇതുപോലെ വിലയില്ലാതായ കാലം ഇതിനു മുമ്പുണ്ടായിട്ടില്ല. അശ്രദ്ധമായ ഡ്രൈവിങ്ങും മരണപ്പാച്ചിലും തല്ലിപ്പൊളി വഴികളും മൂലം ചരമഗതി പ്രാപിക്കുന്നവർ ഒരു വശത്ത്. കാട്ടിൽ നിന്നിറങ്ങിവരുന്ന പന്നിയും പോത്തും ആനയും പോലുള്ള 'അവതാരങ്ങൾ' തീർക്കുന്ന മരണനൃത്തങ്ങൾ വേറെ. ഇതിനിടയിലാണ് പട്ടികളുടെ വിളയാട്ടം! തെരുവുനായയ്ക്ക് ഭക്ഷണം കൊടുത്ത വകയിൽ കിട്ടിയ കടിയേറ്റ് പേയിളകി കൊച്ചിയിൽ ഒരു വീട്ടമ്മ മരിച്ചിട്ട് നാളുകളായതേയുള്ളൂ. ഇതിനൊക്കെ ആര് ഉത്തരം പറയും? മാധ്യമങ്ങൾ ഇതിനെതിരേ എത്ര ശബ്ദിച്ചാലും ബധിരകർണങ്ങളിലാണതു പതിയുന്നതെന്നു വന്നാൽ ആർക്ക് എന്തു ചെയ്യാൻ പറ്റും? എന്തായാലും ദീപനാളം എഡിറ്റോറിയൽ 'ഇവിടെ സ്വാതന്ത്ര്യം നരനോ നായ്ക്കൾക്കോ?' (നാളം - 16) അവസരോചിതമായിരുന്നു. അഭിനന്ദനങ്ങൾ!

**ബാബു ജോസഫ്**
**ഇടപ്പള്ളി**

## ചെവിയോർക്കുമോ നിങ്ങൾ?

ജോസ് വഴുതനപ്പിള്ളിയുടെ ലേഖനം 'ചെവിയോർക്കുമോ നിങ്ങൾ പരസ്പരം?' (നാളം 8) ഏറെ പ്രസക്തിയുള്ളതായി അനുഭവപ്പെട്ടു. മറ്റുള്ളവരെ ശ്രവിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. കേൾക്കുമ്പോൾ വളരെ നിസ്സാരമായി നമുക്കു തോന്നും. എന്നാൽ, ഒരു നല്ല ശ്രോതാവായിരിക്കുകയെന്നത് ഉന്നതമായ ഒരു മാനുഷികഗുണമാണ്.

തന്നെ കേൾക്കാനാരുമില്ലാതെ ഏകാന്തദുഃഖം അനുഭവിക്കുന്ന അനേകർ നമുക്കു ചുറ്റുമുണ്ട്. അതിനു പ്രായഭേദമൊന്നുമില്ല. കൊച്ചുകുട്ടികൾ മുതൽ വൃദ്ധമാതാപിതാക്കൾവരെ ആ നിര നീളുന്നു. ഒരു വാക്കുകൊണ്ട്, അല്ലെങ്കിൽ നോക്കുകൊണ്ടുപോലും നമുക്കൊരാളെ ആശ്വസിപ്പിക്കാൻ കഴിയും. പങ്കിടാൻ ആരുമില്ലാത്ത ഹൃദയവേദനയുമായി ചങ്കുപൊട്ടി മരിച്ചവരും ആത്മഹത്യയിൽ അഭയം പ്രാപിച്ചവരും എത്രയാണ്?

തിരക്കിനിടയിൽ നാമിതൊന്നും ചിന്തിക്കാറില്ല. അവനവനുതന്നെ ചുമക്കാൻ ഭാരങ്ങൾ ഏറെയാണ്. പിന്നെയല്ലേ, മറ്റുള്ളവരുടെ കാര്യമെന്നാവും പലരുടെയും ന്യായം. ശരിതന്നെ. എന്നാലും മറ്റുള്ളവർക്കു നാം ചെവികൊടുക്കുന്നെങ്കിൽ മനസ്സിലാകും, നമ്മുടേത് അത്ര വലിയ ഭാരമല്ലെന്ന്. അല്ലെങ്കിൽ നമ്മെപ്പോലെ ദുഃഖിക്കുന്നവർ വേറെയുമുണ്ടല്ലോ എന്നൊരാശ്വാസം നമുക്കനുഭവിക്കാൻ കഴിയും. ഇനി മറ്റുള്ളവരെ ആശ്വസിപ്പിക്കാൻ സമയമില്ലാത്തവർക്ക് അല്പം അനുകമ്പയെങ്കിലും മറ്റുള്ളവരോടു കാണിച്ചുകൂടേ? എത്ര നിർദയമായാണ് പലപ്പോഴും നാം മറ്റുള്ളവരോടു പെരുമാറുന്നത്? അധികാരവും പണവും കൊണ്ടു തലയ്ക്കു മത്തുപിടിച്ചവർ സാധുക്കളുടെ മുതുകത്തു കയറിനിന്നു കോലം തുള്ളുന്ന കാഴ്ച നാം എത്രനാളായി കാണുന്നു!

പ്രിയമുള്ളവരേ, മനസ്സു മരവിച്ചവരാകാതെ നമുക്കു മനുഷ്യത്വമുള്ളവരാകാം. എല്ലാ മനുഷ്യരുടെയും ഹൃദയത്തിന്റെ അടിത്തട്ടിൽ ഒരു ശബ്ദമില്ലാത്ത നിലവിളി ഇളകിമറിയുന്നുണ്ട്. പണവും അധികാരവും കൈവശമുള്ളവർ തത്കാലത്തേക്ക് അത് അറിയുന്നില്ലന്നേയുള്ളൂ.

**സിൽവിയാ മാനുവൽ**
**വാഴക്കുളം**

## കടലെടുത്ത കപ്പൽഭീമൻ

നൂറ്റിപ്പതിനൊന്നു വർഷം പിന്നിട്ട ടൈറ്റാനിക് ദുരന്തത്തിന്റെ ഓർമയിൽ തോമസ് കുഴിഞ്ഞാലിൽ തയ്യാറാക്കിയ 'ഒരു കപ്പൽച്ഛേതത്തിന്റെ ഓർമയ്ക്ക്' എന്ന ലേഖനം (2023 ഏപ്രിൽ 27) വിജ്ഞാനപ്രദവും വികാരനിർഭരവുമായിരുന്നുവെന്നു പറയട്ടെ.



**പ്രതികരണം**

ഭൂമിയിൽ മനുഷ്യനിർമിതമായ മഹാദ്ഭുതങ്ങൾ അനവധിയാണ്. കാലങ്ങളെ അതിജീവിച്ച് അവ ലോകത്തിനുമുമ്പിൽ ഇന്നും വിസ്മയമായി നിലകൊള്ളുന്നു. എന്നാൽ, ഒന്നും ശാശ്വതമല്ലെന്ന ഒരോർമപ്പെടുത്തൽ ടൈറ്റാനിക് ദുരന്തം നമുക്കു നല്കുന്നുണ്ട്. ഹൃദയഭേദകമാണ് അതിന്റെ കഥ. കൺമുമ്പിലെന്നപോലെ ആ ദുരന്തത്തെ അവതരിപ്പിക്കുന്നതിൽ ലേഖകൻ വിജയിച്ചിരിക്കുന്നു. മരണത്തെ മുന്നിൽ കണ്ടുകൊണ്ട് അതിലെ യാത്രക്കാർ അനുഭവിച്ച മനോസംഘർഷങ്ങളെയും അഭിമുഖീകരിച്ച ഭീകരനിമിഷങ്ങളെയും ഓർക്കുക വയ്യ. ടൈറ്റാനിക് സിനിമയിലൂടെയാണ് പുതിയ തലമുറ അധികവും ടൈറ്റാനിക് ദുരന്തത്തെ അറിഞ്ഞിട്ടുള്ളത്. ഇവിടെ തോമസ് കുഴിഞ്ഞാലിൽ ചരിത്രത്തെ യഥാതഥമായി വിവരിച്ചിരിക്കുന്നു. കപ്പലിന്റെ നീളവും വീതിയും ഉയരവും കൃത്യമായി വായിച്ചറിഞ്ഞപ്പോൾ മാത്രമാണ് ടൈറ്റാനിക്കിന്റെ ഗരിമ മനസ്സിലാക്കുന്നത്. ഇത്തരം ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു. തോമസ് കുഴിഞ്ഞാലിക്കും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

**ബേബി ലൂക്കോസ്**
**ഉഴവൂർ**

# ട്വന്റി 20 യിൽനിന്ന് ടെസ്റ്റിലേക്ക് ദൂരമേറെ



സനിൽ പി. തോമസ്



രാജ്യാന്തരക്രിക്കറ്റിൽ പുരുഷ വിഭാഗത്തിലെ ലോകകിരീടങ്ങളെല്ലാം നേടിയ ആദ്യരാജ്യമായി ഓസ്ട്രേലിയ. രാജ്യാന്തര ക്രിക്കറ്റ് കൗൺസിലിന്റെ ഏതെങ്കിലും കിരീടം ഇന്ത്യ സ്വന്തമാക്കിയിട്ട് ഒരു പതിറ്റാണ്ടുമായി. ഇംഗ്ലണ്ടിലെ ഓവലിൽ ലോകടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ സമാപിച്ചപ്പോൾ സംഭവിച്ചത് മറ്റൊന്നുമല്ല. അഞ്ചുനാൾ പൊരുതിയെന്നതു സത്യം. പക്ഷേ, പാറ്റ് കമ്മിൻസിന്റെ ഓസ്ട്രേലിയ രോഹിത് ശർമയുടെ ഇന്ത്യയെ പരാജയപ്പെടുത്തിയത് 209 റൺസിന്. സ്കോർ : ഓസ്ട്രേലിയ 469; എട്ടിന് 270. ഇന്ത്യ 296; 234.

ടോസ് ജയിച്ചിട്ടും ഫീൽഡിങ് തിരഞ്ഞെടുത്തതാണ് അല്ലെങ്കിൽ അശ്വിനെ കളിപ്പിക്കാതിരുന്നതാണു തോൽവിക്കു കാരണം എന്നൊക്കെ വിശദീകരണങ്ങൾ ധാരാളം. ആദ്യം ബാറ്റു ചെയ്യാതെവന്നപ്പോൾത്തന്നെ തോൽവി ഉറപ്പായെന്നും പറയുന്നവർ എത്രയോയുണ്ട്. പക്ഷേ, യഥാർഥത്തിൽ സംഭവിച്ചത് എന്താണ്? ഇന്ത്യൻ പ്രീമിയർ ലീഗിൽ തകർത്തുകളിച്ചവർ ആ ആവേശത്തിൽനിന്നു മോചിതരായിരുന്നില്ല. ട്വന്റി 20 യിൽനിന്ന് ടെസ്റ്റ് ക്രിക്കറ്റിലേക്ക് എത്ര ദൂരമെന്ന് ഇന്ത്യയുടെ ഒന്നാംനിര താരങ്ങൾ പോലും കണക്കാക്കിയില്ല.

ട്വന്റി 20, ഏകദിന, ടെസ്റ്റ് ലോകചാമ്പ്യൻഷിപ്പുകൾ നേടിയ ആദ്യരാജ്യമെന്ന ഖ്യാതി സ്വന്തമാക്കിയ ഓസ്ട്രേലിയ വൈവിധ്യമാർന്ന ക്രിക്കറ്റ്ശൈലി അവസരത്തിനൊത്ത് ഉപയോഗിക്കുന്നുവെന്നാണു വ്യക്തമാകുന്നത്. ഇന്ത്യയുടെയും ഓസ്ട്രേലിയയുടെയും സ്കോർ മുന്നോട്ടുപോയതു പരിശോധിച്ചാൽ ഇന്ത്യ പലപ്പോഴും ടെസ്റ്റ് ക്രിക്കറ്റിന്റെ ശൈലിയിലല്ല കളിച്ചതെന്നു മനസ്സിലാകും.

അഞ്ചാമത്തെയും അവസാനത്തെയും ദിവസം കളി തുടങ്ങുമ്പോൾ ഇന്ത്യയ്ക്കു ജയിക്കാൻ 280 റൺസും ഓസീസിന് ഏഴു വിക്കറ്റും എന്നതായിരുന്നു സ്ഥിതി. ക്രീസിൽ ഉണ്ടായിരുന്ന വിരാട് കോലിയോ അജിൻക്യ രഹാനെയോ പിടിച്ചുനിന്നാൽ ജയിക്കാമെന്ന്, ഇന്ത്യ തോൽക്കരുതെന്ന് ആഗ്രഹിച്ചവരൊക്കെ കണക്കുകൂട്ടി. പക്ഷേ, ആദ്യ സെഷനിൽത്തന്നെ ഇന്ത്യൻ ഇന്നിങ്സിനു തിരശ്ശീല വീണു. ഇതൊക്കെ മുന്നിൽക്കണ്ടാണ് പല ഓസ്ട്രേലിയൻ താരങ്ങളും ഐപിഎല്ലിൽനിന്നു വിട്ടുനിന്നത്. അഥവാ രാജ്യം അതിനവരെ പ്രേരിപ്പിച്ചത്. സ്റ്റീവൻ സ്മിത്തിന്റെയും ട്രാവിസ് ഹെഡിന്റെയും സെഞ്ചുറിയോടെ തുടക്കത്തിൽത്തന്നെ ആധിപത്യമുറപ്പിച്ച ഓസ്ട്രേലിയ ആമേൽക്കൈ നഷ്ടപ്പെടാതെ ശ്രദ്ധിച്ചു. നാലാമതൊരു ഇന്നിങ്സിൽ 444 എളുപ്പമുള്ളതല്ല. 400 കടന്നു ജയിച്ച ചരിത്രം ബിഷൻസിങ് ബേദിയുടെ കാലത്തു തന്നെ ഇന്ത്യയ്ക്കുണ്ട് എന്നതു സത്യം. പക്ഷേ, ഓവലിൽ സ്ഥിതിയും ഇന്ത്യൻ ബാറ്റർമാരുടെ സമർപ്പണവും വ്യത്യസ്തമായിരുന്നു.

ആദ്യദിവസം മാനത്തെ കാർമേഘങ്ങൾ ശ്രദ്ധിച്ച ഇന്ത്യ, അന്തരീക്ഷം അഞ്ചുനാളും അങ്ങനെതന്നെയായിരിക്കുമെന്നു കരുതിക്കാണും. അനുഭവസമ്പന്നനായ സ്പിന്നർ – ഓൾറൗണ്ടർ – ആർ. അശ്വിനു വിശ്രമം നൽകി നാലാമതൊരു പേസ് ബൗളറെ ടീമിലെടുത്തു. പിന്നെക്കണ്ടതു ജ്വലിച്ചുനിൽക്കുന്ന സൂര്യനെയാണ്. കണക്കുകൂട്ടലുകൾ അപ്പാടെ തെറ്റി. നാലിന് 71 എന്ന നിലയിൽനിന്നു കരകയറാൻ ഇന്ത്യയ്ക്കൊട്ടു കഴിഞ്ഞുമില്ല. ഫോളോ ഓൺ ഒഴിവായതുതന്നെ ഭാഗ്യം. മത്സരശേഷം ഇന്ത്യൻ നായകൻ രോഹിത് ശർമ പറഞ്ഞു: "ഒരു പരമ്പര നേടുന്നതിലും പ്രധാനമാണ് ഒരു ചാമ്പ്യൻഷിപ്പ് നേടുകയെന്നത്." അങ്ങനെയൊരു പ്രാധാന്യം ഇന്ത്യയുടെ സമീപനത്തിൽ പക്ഷേ, കണ്ടില്ല.

തുടർച്ചയായ രണ്ടാം തവണയാണ് ഇന്ത്യ ലോകടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ പരാജയപ്പെടുന്നത്. 2021 ൽ ഇംഗ്ലണ്ടിലെതന്നെ സതാംപ്റ്റനിൽ ന്യൂസിലൻഡ് എട്ടു വിക്കറ്റിനാണ് ഇന്ത്യയെ തോൽപിച്ചത്. അന്നു വിരാട് കോലിയായിരുന്നു നായകൻ. ഇന്ത്യ അവസാനമായി ഒരു ഐ.സി.സി. കിരീടം ചൂടിയത് 2013 ലാണ്.

മഴമൂലം ഒരുനാൾ വൈകിയ ഐ.പി.എൽ. ഫൈനൽ നടന്നത് മേയ് 29 നായിരുന്നു. ലോകടെസ്റ്റ് ചാമ്പ്യൻഷിപ്പ് തുടങ്ങിയത് ജൂൺ ഏഴിനും. ഏതാണ്ട് ഒരാഴ്ചത്തെ ഇടവേള. ടെസ്റ്റുതാരങ്ങളെല്ലാം ഫൈനൽവരെ കളിച്ചവരല്ല. പക്ഷേ, കളിക്കാത്തവരുടെയും മനസ്സ് ട്വന്റി 20 ശൈലിക്കൊപ്പം കലാശക്കൊട്ടുവരെ സഞ്ചരിച്ചിരിക്കണം. വെടിക്കെട്ടു ബാറ്റിങ്ങിൽനിന്നു 'കോപ്പി ബുക്ക് സ്റ്റൈൽ' എന്ന ടെസ്റ്റ് ക്രിക്കറ്റ് സങ്കല്പത്തിലേക്കു മാറാൻ ഈ സമയം മതിയാകില്ലായിരുന്നു.

ഇംഗ്ലണ്ടിന്റെ ഓപ്പണറായിരുന്ന ജെഫ്റി ബോയ്ക്കോട്ട് വളരെ സാവധാനത്തിൽ റൺസ് എടുക്കുന്ന കളിക്കാരനാണ്. എത്രനേരം വേണമെങ്കിലും പ്രതിരോധത്തിലൂന്നി ക്രീസിൽ നിൽക്കാൻ ബോയ്ക്കോട്ടിനു കഴിയും. ഇതറിയാവുന്ന ഇംഗ്ലീഷ് നായകൻ ഒരിക്കൽ ഒരു ടെസ്റ്റിന്റെ അവസാനദിവസം പിടിച്ചുനിന്ന് സമനില കൈവരിക്കാൻവേണ്ടി ബോയ്ക്കോട്ടിനോടു പറഞ്ഞു: "താങ്കൾ 50 റൺസ് എടുക്കണം." ബോയ്ക്കോട്ട് 50 റൺസ് എടുത്തുവരുമ്പോൾ സമയമേറെ പോകും. ബാക്കി സമയം മറ്റുള്ളവർ ശ്രദ്ധിച്ചാൽ മതി. ഈ ടെസ്റ്റിൽ ബോയ്ക്കോട്ട് അർധസെഞ്ചുറിക്കു പകരം സെഞ്ചുറി നേടിയെങ്കിലും ഇംഗ്ലണ്ട് തോറ്റു എന്നാണു ചരിത്രം. ട്വന്റി 20 യുഗത്തിൽ ഇത്തരക്കാരെ കണ്ടെത്തുക വിഷമമാണ്.

ഓവലിൽ, നാലാം ദിനം ഇംഗ്ലണ്ട് രണ്ടാം ഇന്നിങ്സ് ഡിക്ലയർ ചെയ്തശേഷം ഇന്ത്യ ആക്രമിച്ചു കളിച്ചു. മൂന്നു വിക്കറ്റും നഷ്ടപ്പെട്ടു. സ്കോർ കണ്ടാൽ അവസാനദിവസം ഇന്ത്യയ്ക്കു പ്രതീക്ഷയ്ക്കു വകയുണ്ടെന്നു തോന്നുമായിരുന്നു. മറിച്ച് അവസാനദിവസം സ്പിന്നർമാരെ തുണയ്ക്കുന്ന പിച്ചിൽ ഏഴു വിക്കറ്റുമായി പിടിച്ചുനിൽക്കുക എളുപ്പമല്ലായിരുന്നു. തലേന്നു പ്രതിരോധത്തിൽ ഊന്നിയും സന്ദർഭോചിതമായും ആക്രമിച്ചു കളിച്ചിരുന്നെങ്കിലോ? കുറച്ചുകൂടി പിടിച്ചുനിൽക്കാൻ കഴിഞ്ഞേനെ. മറുവശത്ത് ഓസ്ട്രേലിയ കളിച്ചത് ടെസ്റ്റ് ക്രിക്കറ്റ് എന്ന സങ്കല്പത്തിൽത്തന്നെയാണ്. അതാണവരെ തുണച്ചത്. ഇന്ത്യയ്ക്കു കാത്തിരിക്കാം, അടുത്ത അവസരത്തിനായി.

■

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



**മൂഴയിൽ ജൂവലറി**

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
**മൂഴയിൽ ബാങ്കേഴ്സ്**
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

## പാലാ സെന്റ് തോമസ് പ്രസ് ബുക്സ്റ്റാളിൽ

സെന്റ് തോമസ്

# ആർട്ട് ഗാലറി

കലയുടെ കലവറ

St. Thomas Art Gallery



- വിവിധതരത്തിലുള്ള പെയിന്റിങ്ങുകളുടെയും കലാശില്പങ്ങളുടെയും അതിവിപുലമായ ശേഖരം.
- വാട്ടർകളർ, അക്രിലിക്, എണ്ണച്ചായം മീഡിയത്തിലുള്ള പരമ്പരാഗത ക്രൈസ്തവകലാരൂപങ്ങൾ, ഛായാചിത്രങ്ങൾ, പ്രകൃതിദൃശ്യങ്ങൾ.
- ദേവാലയങ്ങൾക്കും ഭവനങ്ങൾക്കും ഉപയുക്തമായ രൂപക്കൂടുകളും ഫോട്ടോഫ്രെയിമുകളും

Deepanalam Weekly

RNI No : 16998/68
Vol. 56 No. 17 Date of Publication 22 June 2023
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



# CHAITHANYA TRUST HOSPITAL &COLLEGE OF MEDICAL SCIENCES

KOZHA, KURAVILANGAD
KOTTAYAM - 686633
Ph: 9645090576
9745300576, 9745400576
Web: www.mmcollege.in
Email:cthmmc@gmail.com



പാരാമെഡിക്കൽ വിഷയങ്ങളിൽ യുജിസി അംഗീകൃതയൂണിവേഴ്സിറ്റികളുടെ 3 വർഷ ഡിഗ്രി, രണ്ടുവർഷ അഡ്വാൻസ്ഡ് ഡിപ്ലോമാ കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു

1. Bachelor of Voc. in Medical Laboratory Technology (B.Voc. MLT )
   Eligibility : +2 pass (any group) Duration - 3 year
2. Bachelor of Voc. in Radiology and Medical Imaging Technology (B.Voc RMIT)
   +2 pass (any group) 3 year
3. Bachelor of Voc. in Operation Theater Technology (B.Voc OTT )
   +2 pass (any group) 3 year
4. Bachelor of Voc. in Dialysis Technology (B.Voc DT)
   +2 pass (any group) 3 year



SSLC കഴിഞ്ഞവർക്ക് നഴ്സിംഗ് അസിസ്റ്റന്റ് കോഴ്സിലേക്ക് അപേക്ഷിക്കാം. പഠനത്തോടൊപ്പം ഹോസ്പിറ്റൽ പരിശീലനവും പെൺകുട്ടികൾക്ക് ഹോസ്റ്റൽസൗകര്യവുമുണ്ട്. അവസാന സെമസ്റ്ററിൽ മൾട്ടിസ്പെഷ്യാലിറ്റി ഉൾപ്പെടെയുള്ള ആശുപത്രികളിൽ പരിശീലനവും നൽകുന്നു.



**B.A. - All subjects**
**B.Com - Finance and Taxation**
**Co-Operation**
**M.A. - Malayalam, History**

അഡ്മിഷൻ തുടരുന്നു

**+2 SCIENCE COMMERCE HUMANITIES**

**6 മാസംകൊണ്ട് +2, 10**

നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

➢ +2, +1 തോറ്റവർക്കും 10 ജയിച്ചവർക്കും ➢ 6 മാസംകൊണ്ട് +2 കരസ്ഥമാക്കാം ➢ എല്ലാ ഗ്രൂപ്പും. എല്ലാ അംഗീകാരവും ഉണ്ട് ➢ തുടർന്നും പഠിക്കാം ➢ ലളിതമായ സിലബസ് ➢ 5 വിഷയങ്ങൾ പഠിച്ചാൽ മതി ➢ 14 വയസ്സ് തികഞ്ഞ ആർക്കും 10 എഴുതാം

## 1 വർഷം കൊണ്ട് ഹിന്ദി അധ്യാപകരാകാം

എസ്.എസ്.എൽ.സി. വിജയികൾക്ക് 1½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷം കൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.

കേരള ഗവൺമെന്റ് – PSC അംഗീകൃതം

## റെക്കോർഡ് ഓൺലൈൻ വീഡിയോ ക്ലാസുകൾ

34 വർഷമായി വിവിധ കോഴ്സുകളിലായി പതിനായിരക്കണക്കിന് വിദ്യാർത്ഥികളെ വിജയിപ്പിച്ച് കോട്ടയം ജില്ലയിൽ റിക്കോർഡ് സ്ഥാപിച്ച സ്ഥാപനം. വിദ്യാർത്ഥികളുടെ എണ്ണത്തിലും വിജയത്തിലും ഒന്നാമത്.

Regular, Holiday, Postal & Online Classes

34 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn.,
അരുണാപുരം പി. ഒ. പാലാ

Govt.V.H.S.S. ന് സമീപം
പൊൻകുന്നം

Ph: 9495195739, 9495021259

ഉയർന്ന വിജയശതമാനം
ഹോസ്റ്റൽ സൗകര്യം

പരിചയസമ്പന്നരായ അധ്യാപകർ
വിദ്യാർത്ഥികൾക്കു ബസ് കൺസഷൻ

## + 2 പരാജിതർക്ക് 3 വിഷയം മാത്രം

കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org